ഇതിലൂടെ മത്സ്യഉല്പാദനം 643.5 ടൺ ആയി വർദ്ധിക്കുകയും 6.2 കോടി രൂപ ഗുണഭോക്താക്കൾക്ക് വരുമാനം ലഭിക്കുകയും ചെയ്തിട്ടുണ്ട്.

(സി) മത്സ്യകൃഷി പ്രോത്സാഹനത്തിന്റെ ഭാഗമായി വയനാട് ജില്ലയിലെ കൽപ്പറ്റ അസംബ്ലി നിയോജകമണ്ഡലത്തിൽ ഭരണാനുമതി നൽകിയിട്ടുള്ള മത്സ്യ വിത്തുല്പാദന കേന്ദ്രത്തിന്റെ നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കാൻ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

വയനാട് ജില്ലയിൽ മത്സ്യത്തീറ്റ ഉല്പാദനകേന്ദ്രം ആരംഭിക്കുന്നതിന് 10 ലക്ഷം രൂപയുടെ പ്രൊപ്പോസൽ വയനാട് ഫിഷറീസ് അസിസ്റ്റന്റ് ഡയറക്ടർ തയ്യാറാക്കിയത് ഫിഷറീസ് വകുപ്പ് പരിശോധിച്ചുവരുന്നു.

മത്സ്യ സങ്കേതങ്ങൾ

135 (2954) ശ്രീ. പി. സി. വിഷ്ണുനാഥ്:
ശ്രീ. എം. എ. വാഹീദ്:
ശ്രീ. എം. പി. വിൻസെന്റ്:
ശ്രീ. ലൂഡി ലൂയിസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മത്സ്യസങ്കേതങ്ങൾ സ്ഥാപിക്കാൻ പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതിയുടെ രൂപരേഖ തയ്യാറാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്നു വ്യക്തമാക്കാമോ ;

(സി) പ്രസ്തുത പദ്ധതി സമയബന്ധിതമായി നടപ്പാക്കാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) നീലംപേരൂർ, കുമരകം, പയ്യന്നൂർ, കൊളച്ചേരി, മുവാറ്റുപുഴ, പമ്പ, ശാസ്താംകോട്ട എന്നിവിടങ്ങളിൽ മത്സ്യസങ്കേതങ്ങൾ ഫിർമ മുഖേന സ്ഥാപിക്കുന്നതിന് പദ്ധതികൾ രൂപീകരിച്ചിട്ടുണ്ട്. കൂടാതെ അഡാക്ക് മുഖേന പാതിരാമണൽ, വെള്ളായണി കായൽ എന്നിവിടങ്ങളിലും മത്സ്യസങ്കേതം സ്ഥാപിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി&സി) മത്സ്യസങ്കേതം സ്ഥാപിക്കുന്നതിനായി അനുയോജ്യമായ സ്ഥലങ്ങൾ നിർദ്ദേശിക്കുവാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളോട് അഭ്യർത്ഥിക്കുകയും

LIBRARY ARCHIVES Kerala Legislative Assembly

പത്രമാധ്യമങ്ങൾ വഴിയും ഇലക്ട്രോണിക് മാധ്യമങ്ങൾ വഴിയും വ്യാപക പ്രചരണം നൽകുകയും ചെയ്തിരുന്നു. നിർദ്ദേശിക്കപ്പെട്ട സ്ഥലങ്ങളിൽ സാങ്കേതിക സർവ്വേ നടത്തുകയും അനുയോജ്യമായ സ്ഥലങ്ങൾ കണ്ടെത്തുകയും മത്സ്യസങ്കേതം സ്ഥാപിക്കുന്നതിന് ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സമിതിയുടെ അംഗീകാരം വാങ്ങുകയും ചെയ്തിട്ടുണ്ട്. സാങ്ച്വറിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ കേരള തീരദേശ വികസന കോർപ്പറേഷൻ മുഖേന നടപ്പാക്കിവരുന്നു. നിർമ്മാണ പ്രവർത്തനങ്ങളും മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിക്കുന്ന ജോലികളും പുരോഗിക്കുന്നു. പദ്ധതിയുടെ പുരോഗതി യഥാസമയം വിലയിരുത്തി സമയബന്ധിതമായി പദ്ധതി പൂർത്തീകരിക്കുന്നതിനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്.

മാതൃകാ മത്സ്യഗ്രാമം പദ്ധതി

136 (2955) ശ്രീ. ജോസഫ് വാഴക്കൻ :
ശ്രീ. വി. ടി. ബൽറാം :
ശ്രീ. പി. എ. മാധവൻ :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മാതൃകാ മത്സ്യഗ്രാമം പദ്ധതിയുടെ രണ്ടാം ഘട്ടം ആരംഭിച്ചിട്ടുണ്ടോ യെന്ന് വ്യക്തമാക്കുമോ ;

(ബി) എന്തെല്ലാം ആനുകൂല്യങ്ങളാണ് പദ്ധതി മുഖേന നൽകാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ;

(സി) എത്ര കോടി രൂപയാണ് ഇതുവഴി നൽകുന്നതെന്നും വിശദാംശങ്ങൾ എന്തെല്ലാമെന്നും വ്യക്തമാക്കുമോ ;

(ഡി) പ്രസ്തുത പദ്ധതിക്കായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ?

ഉത്തരം

(എ) രണ്ടാംഘട്ടം ആരംഭിച്ചിട്ടുണ്ട്. 13-ാം ധനകാര്യ കമ്മീഷൻ ശിപാർശ പ്രകാരമാണ് സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ട മത്സ്യഗ്രാമങ്ങളെ സമഗ്ര വികസനത്തിലൂടെ മാതൃകാ മത്സ്യ ഗ്രാമങ്ങളായി വികസിപ്പിക്കുന്നത്. 160 കോടി രൂപയുടെ രണ്ടാംഘട്ട പദ്ധതി പ്രവർത്തനങ്ങൾ നടപ്പിലാക്കിവരുന്നു. ഭവന നിർമ്മാണ ഘടകത്തിന് കൂടുതൽ പ്രാമുഖ്യം നൽകിക്കൊണ്ട് ആകെ 135 കോടി രൂപ വീടുകളുടെ നിർമ്മാണത്തിനും 25 കോടി രൂപ ഫിഷർമെൻ കോളനികളുടെ അടിസ്ഥാന സൗകര്യ വികസനത്തിനുമായി ചെലവഴിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly